# ജി.എം.ആർ.എച്ച്.എസ്.എസ്
# ഫോർ ഗേൾസ്
# കാസറഗോഡ്

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025-2026

# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : GMRHSS ഫോർ ഗേൾസ്, കാസറഗോഡ്

- വിലാസം : പി ഒ പരവനടുക്കം കാസറഗോഡ്-671317
- സ്കൂൾ കോഡ് : 11056
- വിദ്യാഭ്യാസ ഉപജില്ല : കാസറഗോഡ്
- വിദ്യാഭ്യാസ ജില്ല : കാസർഗോഡ്
- BRC : കാസറഗോഡ്
- ഗ്രാമ പഞ്ചായത്ത് : ചെമ്മനാട്
- ബ്ലോക്ക് പഞ്ചായത്ത് : കാസറഗോഡ്
- ജില്ലാ പഞ്ചായത്ത് : കാസറഗോഡ്
- നിയമ സഭാമണ്ഡലം : കാസറഗോഡ്
- ലോക സഭാമണ്ഡലം : കാസറഗോഡ്
- താലൂക്ക് : കാസറഗോഡ്
- വില്ലേജ് : ചെമ്മനാട്
- ഇ മെയിൽ : 11056gmrhss@gmail.com
- UDISE : 32010300528
- Tel.Phn.No : 04994239969

# ഉള്ളടക്കം


- അടിസ്ഥാന വിവരങ്ങൾ
- ആമുഖം
- ലക്ഷ്യങ്ങൾ
- എം.ആർ. എസ് പരിചയം
- ചരിത്രം
- സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാന പ്രതിസന്ധികൾ/ പരിമിതികൾ
- വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്
- 2025 – 2026 ൽ കുട്ടികളുടെ എണ്ണം
- 2025 - 2026 ൽ അധ്യാപകരുടെ എണ്ണം
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ
- നിലവിലെ അവസ്ഥാവിശകലനം
- അക്കാദമിക പ്രവർത്തനങ്ങൾ 2025-2026
- ഉപസംഹാരം

# ആമുഖം

ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൻ്റെ സമഗ്ര പുരോഗതിക്ക് വേണ്ടത് ക്രിയാത്മകമായ ആസൂത്രണവും പദ്ധതിയുമാണ് വിദ്യാഭ്യാസ സ്ഥാപനത്തിൻ്റെ ചുറ്റിലുമുള്ള സാമൂഹ്യ, രാഷ്ട്രീയ, സാമ്പത്തിക പാരിസ്ഥിതിക വൈജ്ഞാനിക മണ്ഡലങ്ങൾക്ക് അനുസൃതമായി വേണം പദ്ധതികൾ ആസൂത്രണം ചെയ്യാൻ കുട്ടിയുടെ സാമൂഹ്യ കുടുംബ ചുറ്റുപാടുകളെ ഉൾകൊണ്ടുള്ള ആസൂത്രണമാണ് അഭികാമ്യം വിദ്യാലയത്തിൽ നിന്ന് ലഭിക്കുന്ന മൂല്യങ്ങൾ ഉൾകൊണ്ടാണ് പുറത്ത് വരുന്ന വിദ്യാർത്ഥിക്ക് പൊരുത്തപെടാവുന്ന സാമൂഹ്യ വ്യവസ്ഥ പലയിടങ്ങളിലും അന്യമാണ്. രാഷ്ട്രീയ സാംസ്കാരിക ഉദ്യോഗസ്ഥ പ്രവർത്തകർ പുതിയ തലമുറയ്ക്ക് ഉൾക്കൊള്ളാവുന്ന ഇടപഴകാവുന്ന സംസ്കാരസമ്പന്നമായ സമൂഹ നിർമ്മിക്ക് മുൻകൈ എടുക്കണം.

കാസറഗോഡ് ജില്ലയിലെ പരവനടുക്കം GMRHSS Girls School പട്ടിക വർഗ്ഗ വികസനവകുപ്പിൻ്റെമാതൃകാവനിത വിദ്യാലയമായതിനാൽ ഭൗതിക സാഹചര്യങ്ങളിൽ ഏറെ മികച്ച് നില്ക്കുന്നു.സാമൂഹ്യ പിന്നോക്കാവസ്ഥയെ ജീവിക്കുന്ന വിദ്യാർത്ഥിനികളാണ് ഇവിടെയുള്ളത്. വ്യത്യസ്ഥ സാമ്പത്തിക കുടുംബ ചുറ്റുപാടുകളിൽ നിന്ന് വന്ന് അകന്ന് നില്ക്കുമ്പോൾ ഉണ്ടാകുന്ന മാനസിക സംഘർഷങ്ങളെ ഏറെക്കുറെ ലഘൂകരിക്കാൻ സ്ഥാപനത്തിന് കഴിയുന്നുണ്ട്. അഭിമാനർഹമായ രീതിയിൽ ഉന്നതനിലയിൽ എത്തിച്ചേരാൻ പലർക്കും സാധ്യമാകുന്നു എന്നത് ഈ വിദ്യാലയത്തിന്റെ നഗര സംസ്കാരത്തിൻ്റെ ശാസ്ത്ര സാങ്കേതിക

മേഖലയ്ക്ക് അനുസൃതമായി ഭൗതിക വളർച്ച നേടുന്നതിൽ പരിശ്രമിച്ചു കൊണ്ടിരിക്കുന്ന

നമ്മുടെ വിദ്യാലയം, വിവരസാങ്കേതിക വിദ്യയെ ക്രിയാത്മകമായി ഉപയോഗിക്കാൻ കുട്ടികളെ സജ്ജരാക്കേണ്ടതുണ്ട്.മികച്ച സാമൂഹിക നിർമ്മിതിക്ക് ഓരോ വിദ്യാർത്ഥിയെയും ഒരുക്കുവാനുള്ള സ്ഥാപനത്തിൻ്റെ സാധ്യതയെ ഉൾക്കൊണ്ടുള്ള സമഗ്ര ആസൂത്രണ പദ്ധതിയാണ് ഈ മേഖലയിലൂടെ സമർപ്പിക്കുന്നത്.

സവിശേഷമായ ഒരു പൊതുവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി വളർന്നുവന്ന സാംസ്കാരിക പശ്ചാത്തലമാണ് കേരളത്തിൻ്റെ വികസനത്തിന് അടിത്തറ പാകിയത്. എന്നാൽ സമീപകാലത്ത് ഒരു പിന്നോട്ട് പോകലിൻ്റെ ലക്ഷണങ്ങൾ കേരള ജനത കാണിച്ചു തുടങ്ങിയിട്ടുണ്ട്. എന്നത് തർക്കമറ്റ സംഗതിയാണ്. പഴയ പ്രതാപത്തിൻ്റെ വീണ്ടെടുപ്പ് അനിവാര്യമായ ഒരു ഘട്ടത്തിൽ അതിൻ്റെ പശ്ചാത്തലം ശക്തമാക്കുന്നതിന് ഏറ്റവും പൊതുവിദ്യാഭ്യാസത്തെ ശക്തപ്പെടുത്തുന്നതിന് വലിയ സംസ്ഥാന ഘടകം എന്ന നിലയിൽ ഗവൺമെൻ്റ് മുന്നിട്ടിറങ്ങുകയും ബഹുജനങ്ങളുടെ സഹായത്തോടെ വിപുലമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി വരികയുമാണ്. വലിയ വലിയ സ്വപ്നം കാണുകയും അതനുസരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളെ നാടിൻ്റെ വെളിച്ചമാക്കി തീർക്കാനുള്ള മഹത്തായ ഉദ്യമത്തിൻ്റെ സാക്ഷാത്കാരത്തിന് വേണ്ടിയുള്ള പ്രവർത്തനത്തിന്റെ ഭാഗമാണ് നമ്മുടെ വിദ്യാലയത്തിൻ്റെ ബൃഹത്തായ വികസന രേഖ.

ലോകനിലവാരത്തിലേക്ക് നമ്മുടെ വിദ്യാലയത്തെ മാറ്റിത്തീർക്കുക, സമൂഹത്തിന്റെ താഴെ തട്ടിലുള്ളവർക്ക് വരെ വിദ്യാഭ്യാസത്തിന്റെ മാധുര്യം പകർന്നു നല്കുക, സാമ്പത്തിക ശേഷിയുള്ളവർക്ക് മാത്രമായി പരിഗണിക്കപ്പെടുന്ന ആധുനിക സൗകര്യങ്ങൾ എല്ലാവർക്കും ലഭ്യമാക്കുക, നമ്മുടെ പൊതുവിദ്യാലയങ്ങളെ മികവിന്‌റെ കേന്ദ്രങ്ങളാക്കി മാറ്റുക തുടങ്ങിയ ലക്ഷ്യങ്ങൾ നേടിയെടുക്കാനുള്ള ഈ പരിശ്രമത്തിന്‌റെ ഭാഗമായി നമ്മുടെ വിദ്യാലയവും സജ്ജമാക്കുന്നതിനാണ് ഈ രൂപ രേഖ തയ്യാറാക്കപ്പെടുന്നത്.

കേരളത്തിലെ മറ്റ് പൊതുവിദ്യാലയങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമായ ഭൗതിക അക്കാദമിക സാഹചര്യങ്ങൾ നിലനിൽക്കുന്ന മാതൃക വിദ്യാലയങ്ങളിൽ ഒന്നായ ഗവ. മോഡൽ റസിഡൻഷ്യൽ സ്കൂൾ ഫോർ ഗേൾസ് കാസർഗോഡ് പാഠ്യ പാഠ്യേതര രംഗത്ത് ജില്ലയിൽ മുൻ നിരയിൽ തിളങ്ങി നിൽക്കുമ്പോഴും പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ സമൂഹത്തിന്‌റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിന്, അവരുടെ സർവതോന്മുഖമായ വികസനത്തിന് ആവശ്യമായ എല്ലാവിധ ഭൗതിക സാഹചര്യങ്ങളും ഒരുക്കപ്പെടേണ്ടതുണ്ട്.

# ലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പ് വരുത്തുന്നു.

2. കുട്ടികളുടെ സർഗ്ഗപരവും, അക്കാദമികവും കായികവുമായ മികവ് പരമാവധി പ്രോൽസാഹിപ്പിച്ച് സംസ്ഥാന, ദേശീയ, അന്തർ ദേശ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തമാക്കുക.

3. വിവരസാങ്കേതിക യുഗത്തിന് അനുസൃതമായി അറിവ് നല്കി സജ്ജരാക്കുക.

4. പുതിയ ലോകത്തിന്റെ കാഴ്ച്ചപ്പാടിന് അനുസരിച്ച് ആരോഗ്യകരമായ മത്സര ബുദ്ധി ഉണ്ടാക്കുക.

5. എല്ലാ കുട്ടികൾക്കും മലയാളം, ഹിന്ദി, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതുവാനുമുള്ള കഴിവ് ഉറപ്പ് വരുത്തുക.

6. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം ഉറപ്പ് വരുത്തുക.

7. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

8. അഞ്ചാം ക്ലാസ്സുമുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ ഓരോ ക്ലാസ്സ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നല്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയ ബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.

9. അധ്യാപനവും അദ്ധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## എം.ആർ. എസ് പരിചയം

പട്ടിക വിഭാഗം കുട്ടികളുടെ സർവതോമുഖമായ ഉയർച്ച ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ വികസനോന്മുഖ പരിപാടിയാണ് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ താമസം, വസ്ത്രം പഠനോപകരണങ്ങൾ തുടങ്ങി കുട്ടികളുടെ മുഴുവൻ ചിലവും സർക്കാർ വഹിക്കുന്നു. മികച്ച ജീവിത സാഹചര്യവും മികച്ച വിദ്യാഭ്യാസവും ഒരുമിച്ച് ലഭ്യമാക്കുന്ന പദ്ധതി, അഞ്ചാം ക്ലാസ്സിൽ 35 കുട്ടികൾക്കും പ്ലസ് വൺ ക്ലാസ്സിൽ 50 വീതം കുട്ടികൾക്കും പ്രവേശനം നല്കുന്നു.5-ാം തരത്തിൽ പ്രവേശനം ലഭിക്കുന്ന കുട്ടിക്ക് 10-ാം തരം വരെയും ഈ സൗകര്യങ്ങൾ ലഭിക്കുന്നു.പ്ലസ് വൺ ക്ലാസ്സിലേക്ക് പ്രവേശനം ലഭിക്കുന്നവർക്ക് ഹയർ സെക്കണ്ടറി വിദ്യാഭ്യാസത്തോടൊപ്പം തന്നെ മെഡിക്കൽ എഞ്ചിനിയറിങ് എൻട്രൻസ് പരിശീലനവും ചാർട്ടേഡ് അക്കൗണ്ടന്റ് പരീക്ഷയ്ക്കുള്ള പരിശീലനവും നല്കുന്നു.

# ചരിത്രം

1998-03 ൽ അന്നത്തെ ബഹു. നിയമസഭ സ്പീക്കർ ശ്രീ. എം. വിജയകുമാർ ജി.എം.ആർ.എച്ച്.എസ്.എസ് ഫോർ ഗേൾസ് കാസറഗോഡ് ഉദ്ഘാടനം നിർവഹിച്ച സ്കൂളിൽ തുടക്കത്തിൽ 5-ാം ക്ലാസ്സിൽ 20 കുട്ടികളാണ് ഉണ്ടായിരുന്നത്. കളനാട് വാടകക്കെട്ടിടത്തിലായിരുന്ന സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. തുടർന്ന് സ്ഥല സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടിവന്ന മുറയ്ക്ക് പാലക്കുന്ന്, ഉദുമ എന്നിവിടങ്ങളിലെ വാടകക്കെട്ടിടങ്ങളിലും പ്രവർത്തിച്ചു. 2008 ജൂൺ മുതൽ പരവനടുക്കത്തെ സ്വന്തം കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. ബഹു. പട്ടികവിഭാഗ പിന്നോക്ക ക്ഷേമ വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ. എ.കെ. ബാലൻ ജി.എം.ആർ.എച്ച്.എസ്.എസ് ഫോർ ഗേൾസ് കാസറഗോഡ് കെട്ടിടോദ്ഘാടനം നിർവഹിച്ചു. 2004 മാർച്ചിൽ ആദ്യ SSLC ബാച്ചി പുറത്തിറങ്ങി.അന്ന തുടങ്ങിയ പരിപൂർണ്ണ വിജയം തുടർന്നും നിലനിർത്തുന്നു. 2007 മാർച്ചിൽ ആദ്യ ഹയർ സെക്കണ്ടറി ബാച്ചും പുറത്തിറങ്ങി.

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രധാനപ്രതിസന്ധികൾ/പരിമിതികൾ

1. 5% വിദ്യാർത്ഥികളിൽ ഭാഷാവൈവിധ്യം പഠനത്തെ ബാധിക്കുന്നു.
2. ഗോത്രഭാഷാ വൈവിധ്യങ്ങൾ പാഠന തിരിച്ചറിയപ്പെടേണ്ടതുണ്ട് മാധ്യമ ഭാഷയുമായുള്ള വൈരുദ്ധ്യങ്ങൾ
3 മാതാപിതാക്കളിൽ നിന്ന് അകന്ന് നിൽക്കുന്നതിന്റെ മാനസിക പ്രശ്നങ്ങൾ 10% വിദ്യാർത്ഥികളുടെ പഠന മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

4. വിദ്യാഭ്യാസ രംഗത്തെ രണ്ടാംതലമുറ പ്രശ്നങ്ങളായ തുല്യത ഗുണത എന്നിവ ഉറപ്പാക്കൽ.

5. രക്ഷിതാക്കളിൽ ഗുണമേന്മ വിദ്യാഭ്യാസത്തെ കുറിച്ചുള്ള കാഴ്ചപ്പാട് സൃഷ്ടിക്കൽ.

## വിദ്യാലയം മികവിൻ്റെ കേന്ദ്രം- കാഴ്ചപാട്

1) 'മോചന മരുളുന്നതെന്തോ അതാണ് വിദ്യാഭ്യാസം എന്ന ഗാന്ധിയൻ കാഴ്ചപ്പാടിനെയും "വിദ്യാഭ്യാസം സ്വതന്ത്ര്യത്തിനായുള്ള സാസ്കാരിക പ്രവർത്തനമാണ് എന്ന പൗലോഫ്രെയറുടെ സിദ്ധാന്തത്തെയും സാക്ഷാത്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക.

2) പാഠം പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താത്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

3) ശുചിത്വം ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം.

4) പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഉറപ്പാക്കൽ.

5) ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനെക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ.

6) പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്ക്കാലിക വാസികൾ മാത്രമാണ് മനുഷ്യർ എന്ന തിരിച്ചറിവോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്യപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

# നിലവിലെ അവസ്ഥാവിശകലനം

- **ഭൗതികം – നേട്ടങ്ങൾ/സാഹചര്യങ്ങൾ**

പട്ടിക വർഗ്ഗവികസന വകുപ്പിൻ്റെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളായതിനാൽ തന്നെ മികച്ച ഭൗതിക സാഹചര്യങ്ങൾ ഇവിടെയുണ്ട്. ഹൈസ്കൂളിലെ 3 ക്ലാസ്സ് മുറികളിൽ ഹൈടെക് സംവിധാനം ക്രമീകരിക്കുന്നതിനുള്ള പശ്ചാത്തല വികസന പ്രവർത്തനങ്ങൾ സജ്ജമായിട്ടുണ്ട്. ഓഫീസ്,സ്റ്റാഫ് റൂം ,ലാബ്,ലൈബ്രറി എന്നിവയ്ക്ക് മതിയായ സൗകര്യങ്ങൾ ഉള്ള കെട്ടിടങ്ങളുണ്ട്.ശൗചാലയം നിലവിലുണ്ട്. ചുറ്റുമതിൽ പൂർണ്ണമാണ്. ഓഡിറ്റോറിയം, ഭോജന ശാല നിലവിലുണ്ട്.

1. പ്രകൃതി രമണീയമായ പരവനടുക്കത്തെ പത്തേക്കർ സ്ഥലത്താണ് എം.ആർ.എസ്. സ്കൂൾ കെട്ടിടങ്ങളും ഹോസ്റ്റൽ കെട്ടിടങ്ങളും സ്ഥിതി ചെയ്യുന്നത് അപ്പർ പ്രൈമറി, ഹൈസ്കൂൾ ഹയർ സെക്കെണ്ടറി വിഭാഗങ്ങൾക്ക് പ്രത്യേകം കെട്ടിടങ്ങളുണ്ട് . ഹൈസ്കൂൾ, ഹയർ സെക്കെണ്ടറി വിഭാഗങ്ങൾക്ക് പ്രത്യേകം പ്രത്യേകം മികച്ച ഐ.ടി ലാബ് സ്മാർട്ട് ക്ലാസ്സ് മുറി എന്നിവ സജ്ജീകരിച്ചിട്ടുണ്ട്. ബ്രോഡ് ബാന്ഡ് കണക്ഷനും ലഭ്യമാക്കിയിട്ടുണ്ട്.
2. പാറക്കെട്ടുകൾ നിറഞ്ഞുനിന്നിരുന്ന സ്ഥലം ഇന്ന് പച്ച വിരിച്ചു നില്ക്കുന്നു. ലൈബ്രറി ഹൈസ്കൂൾ, ഹയർ സെക്കെണ്ടറിയുമായിട്ട് ഏകദേശം 7000 പുസ്തകങ്ങളുണ്ട്. ഹൈസ്കൂൾ ഹയർ വിഭാഗങ്ങൾക്ക് ശാസ്ത്രപോഷിണി ഫിസിക്സ്, കെമിസ്ട്രി, ബയോളജി ലാബുകളുണ്ട്.

- **ഭൗതികം – പരിമിതികൾ**

5 മുതൽ 10 വരെയുള്ള ക്ലാസ് മുറികളിൽ Chair Table ഉപയോഗിക്കാൻ സൗകര്യകുറവുണ്ട്. ആകർഷകമായ വിധത്തിൽ

പൂന്തോട്ടം ജൈവ വൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്. വിശാലമായ രീതിയിൽ കളിസ്ഥലങ്ങൾ പുനർനിർമ്മിക്കേണ്ടതുണ്ട്. സ്വിമ്മിംഗ് പൂൾ ആവിശ്യമാണ്.

## ➢ അക്കാദമികം- നേട്ടങ്ങൾ

**കായികം**

സാധാരണ ദിവസങ്ങളിൽ വൈകുന്നേരം 4 മണി മുതൽ 6 മണി വരെയും പങ്കെടുക്കേണ്ട അവസരങ്ങളിൽ രാവിലെയും വൈകിട്ടും പരിശീലനം മത്സരങ്ങളിൽ കായികധ്യാപകന്റെ നേതൃത്വത്തിൽ നല്കിവരുന്നു.

**കല**

സാധാരണ ദിവസങ്ങളിൽ ക്ലാസ്സ് പിരീഡിലും ഉച്ച സമയത്ത് മ്യൂസിക് ക്ലബിന്റെ ആഭിമുഖ്യത്തിലും സംഗീത ടീച്ചറുടെ നേതൃത്വത്തിൽ സംഗീത ക്ലാസ്സും നടത്തിവരുന്നുണ്ട്.

**കളിസ്ഥലം**

ബാസ്കറ്റ് ബോൾ കോർട്ട് ,സിന്തറ്റിക് ട്രാക്ക് എന്നിവ പൂർണമായും ഉപകാര പ്രദമാണ്.

**ഡൈനിംഗ് ഹാൾ,ഭക്ഷണ മെനു:** ഉണ്ട്

**ആരോഗ്യപരിപാലനം :** നേഴ്സ്, പിരിയോഡിക് മെഡിക്കൽ ചെക്കപ്പുണ്ട്.

**മാനസികാരോഗ്യം :** 1 കൗൺസിലർ നിലവിലുണ്ട്.

**പരിസരശുചീകരണം :** SPC, NSS നേതൃത്വത്തിൽ നടത്തിവരുന്നു.

**ഹരിതവൽക്കരണം :** ഹരിതസേനയുടെ നേതൃത്വത്തിൽ നടന്നുവരുന്നു.

**സ്വയം തൊഴിൽ പരിശീലനം :** HSS വിഭാഗത്തിൽ കൊമേഴ്സ് പഠനത്തോടൊപ്പം DCA കോഴ്സും ചെയ്തു വരുന്നു.

**യോഗ പരിശീലനം :** HSS വിഭാഗത്തിലെ മുഴുവൻ കുട്ടികളും യോഗ പരിശീലനം നേടുന്നുണ്ട്.

**തൈക്കോണ്ടോ പരിശീലനം:** HS വിഭാഗത്തിലെ കുട്ടികൾക്ക് തൈക്കോണ്ടോ പരിശീലനം കൊടുക്കുന്നുണ്ട്.

MRS ന്റെ അടിസ്ഥാന സൗകര്യ വികസനങ്ങളുടെയും വിദ്യാർത്ഥിനികളുടെ വിനോദ-വിജ്ഞാന കായിക പരങ്ങളായ സംവിധാനങ്ങളാണ് ഏർപ്പെടുത്തിവരുന്നത്.

- Mess & Stream Cooking സംവിധാനം പ്രവർത്തനമാരംഭിച്ചു.
- School Campus രാത്രികാലങ്ങളിൽ പ്രഭാപൂരിതമാകത്തക്ക വിധം 5 Minimass Light കൾ Campus ന്റെ വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചിരിക്കുന്നു.
- രണ്ട് ഹോസ്റ്റൽ കെട്ടിടങ്ങളും മെസ് ബിൽഡിംഗും സോളാർ എനർജി സിസ്റ്റത്തിൽ കീഴിലാണ് പ്രവർത്തിക്കുന്നത്.
- സ്കൂൾ കംപ്യൂട്ടർ, കെട്ടിടങ്ങൾ, മെസ്ഹാൾ എന്നിവ പൂർണമായും സിസിടിവി ക്യാമറയുടെ നിരീക്ഷണത്തിലാക്കി.
- മെസിലെ പാചകത്തിനും കുടിവെള്ളത്തിനും വാട്ടർ പ്യൂരിഫിക്കേഷൻ പ്ലാന്റ് നിലവിലുണ്ട്.
- സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിൽ സ്കൂൾ റേഡിയോ സിസ്റ്റം പ്രവർത്തിച്ചുവരുന്നു.
- A Recreation Hallo Mixer system, Huremic, Hitech speaker system ഉൾപെടുന്ന ഉന്നത നിലവാരമുള്ള music system സജ്ജമാക്കിയിരിക്കുന്നു.
- ഹയർസെക്കൻഡറി വിഭാഗത്തിൽ Language lab സജ്ജമാക്കി. 41 പ്രത്യേക കമ്പ്യൂട്ടർ സിസ്റ്റംഉൾപ്പെടുന്നതാണ് ഇത്.

- എച്ച്.എസ്സ്.എസ്സ്, എച്ച് എസ്സ് വിഭാഗങ്ങളിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ ഏർപ്പെടുത്തി. Projector, Digital board എന്നിവയും ഇതിൽ ഉൾപ്പെടുന്നു.

## 2025-2026 ൽ കുട്ടികളുടെ എണ്ണം( 6-ാംപ്രവൃത്തിദിന കണക്ക്)

| ക്ലാസ് | പെൺകുട്ടികൾ | ആകെ |
|---|---|---|
| 5 | 35 | 35 |
| 6 | 34 | 34 |
| 7 | 35 | 35 |
| 8 | 35 | 35 |
| 9 | 32 | 32 |
| 10 | 35 | 35 |
| 11 | | |
| 12 | 97 | 97 |
| **ആകെ** | 303 | 303 |

## 2025-2026 ൽ അധ്യാപകരുടെ എണ്ണം

| പോസ്റ്റ് | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| ഹെഡ് മാസ്റ്റർ | 0 | 1 | 1 |
| എച്ച് എസ് എ | 6 | 5 | 11 |
| സ്പെഷ്യൽ ടീച്ചർ | 0 | 0 | 0 |
| പ്രിൻസിപ്പാൾ | 1 | 0 | 1 |
| അധ്യാപകർ | 4 | 7 | 11 |
| ലാബ് അസിസ്റ്റന്റ് | 0 | 2 | 2 |

| | | | |
|---|---|---|---|
| ആകെ | 11 | 15 | 26 |

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ – ഒറ്റ നോട്ടത്തിൽ

**അക്കാദമികം**

- ഭാഷാശേഷി വികസനം- അക്ഷരം ഉറപ്പിക്കൽ
- ഗണിതശേഷി വികസനം- ക്വിസ് വിജ്ഞാന വഴിയെ
- ഇംഗ്ലീഷ് പഠന പരിപോഷണം
- ശാസ്ത്രപോഷണ പരിപാടി-ശാസ്ത്ര ബോധിനി
- വായനാ പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- ലബോറട്ടറി ആധുനികവത്ക

**ഭൗതികം**

- ചുറ്റുമതിൽ,ഗേറ്റ് കളിസ്ഥലം
- ക്ലാസ് മുറികൾ
- ഓഫീസ് മുറി
- സ്റ്റാഫ് മുറി
- വിശ്രമ മുറി
- കമ്പ്യൂട്ടർ റൂം
- മൾട്ടി മീഡിയ റൂം
- ലൈബ്രറി റൂം
- അടുക്കള
- . ഡൈനിംഗ് ഹാൾ
- അസംബ്ളി ഹാൾ
- കുടിവെള്ള വിതരണം
- മാലിന്യ

**സാമൂഹികം**

- പി ടി എ ശക്തിപ്പെടുത്തൽ
- SMC,SMDC കാര്യക്ഷമമാക്കൽ
- വിദ്യാലയ വികസനസമിതി
- പൂർവ്വവിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം
- SSG
- LSG ബന്ധം
- ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ,സന്നദ്ധ സംഘടനകൾ,വിദ്യാഭ്യാസ പ്രവർത്തകർ,പൂർവ്വാധ്യാപകർ,സഹകരണ

രിക്കൽ
- പ്രതിഭാപോഷണ പരിപാടി
- നാടകക്കളരി/ ചെറുകഥ ക്ലബ്ബ്, നോവൽ ക്ലബ്ബ്
- ജൈവാ വൈവിധ്യപാർക്ക്
- സാഹിത്യ-
- പോഷണ പരിപാടികൾ
- പഠനയാത്രകൾ
- സെമിനാറുകൾ
- കലാ കായികമേള
- ഐ ടി പരിശീലനം
- അധ്യാപക ശാക്തികരണ
- പരിപാടികൾ
- സ്കൂൾ മാസിക പത്രം
- പ്രവൃത്തി പരിചയ പഠനം
- SRG ശാക്തീകരണം
- ശാസ്ത്രാഭിരുചി വളർത്തൽ
- പച്ചക്കറിത്തോട്ടം
- രചനാശില്പശാല അഭിമുഖങ്ങൾ

സംസ്കരണം
- ടോയിലറ്റ്
- ലബോറട്ടറി
- എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം
- ചിത്രരചന
- എന്റെ ചെടി എനിക്കും പറയാനുണ്ട്
- ഭാഷോത്സവം
- ഗണിതോത്സവം

സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോഗപ്പെടുത്തൽ
- ക്ലാസ് പി ടി എ മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ
- വിദ്യാലയ മികവുകൾ പങ്കിടൽ പൊതുസമൂഹവുമായി പങ്കിടൽ
- വിദ്യാലയ സമൂഹത്തിന് വിഭവങ്ങൾ കൂടി പ്രയോജനപ്പെടുത്തൽ
- റിസോഴ്സ് മാപ്പിംഗ്
- പൊതുഅവധി ദിവസങ്ങളിൽ കംപ്യൂട്ടർ പരിശീലനം
- പഠനക്കൂട്ടം

- പോഷകാഹാര പരിപാടി
- ഒറിഗാമി ശില്പശാല
- ഗണിതലാബ്
- ബ്ലോഗ്
- ടേം മൂല്യ നിർണയം
- ദിനാചരണം
- കായിക പഠനം
- ഗവേഷണാത്മക പ്രവർത്തനങ്ങൾ
- പ്രാദേശിക പി ടി എ
- ഭവന സന്ദർശനം

## അക്കാദമിക പ്രവർത്തനങ്ങൾ 2025-2026

**പ്രവർത്തനം : 1**

**പേര് : സാമൂഹ്യ ശാസ്ത്രലാബ്**

**മേഖല / ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രപഠന കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ മുറിയിൽ സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 10,000(ST Dpt) |

**പ്രവർത്തനം : 2**

**പേര് : പാനയാത്രകൾ**

**മേഖല / ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| പ്രത്യക്ഷ അനുഭവത്തിലൂടെ പാഠ്യവസ്തുത ഗ്രഹിക്കുന്നതിന് | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ സന്ദർശനം | വർഷത്തിൽ ഒരു പ്രാവശ്യം | SRG | 2,50,000/- (ST Dpt) |

**പ്രവർത്തനം : 3**

**പേര് : ഡിബേറ്റ്**

**മേഖല / ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി | സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്ര | മാസത്തിൽ വീതം മാസത്തിൽ ഒന്ന് | SRG | |

| | |
|---|---|
| നിഗമനങ്ങൾ രൂപീകരിക്കൽ | വിഷയങ്ങളെകുറിച്ച് സംവാദം, സെമിനാർ, പാനൽഡിബേറ്റ്, ചർച്ച, പ്രഭാഷണം തുടങ്ങിയവ സംഘടിപ്പിക്കൽ |

**പ്രവർത്തനം : 4**

**പേര് : മോക്ക് പാർലമെന്റ്**

**മേഖല / ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രകടന പത്രിക, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമന്റ് രൂപീകരിക്കൽ, ഇതിന്റെ നേതൃത്യത്തിൽ ഇടവേളകളിൽ മോക്ക് പാർലമെന്റ് | വർഷത്തിൽ ഒന്ന് | SRG സ്കൂൾ പാർലമെന്റ് | |

സംഘടിപ്പിക്കൽ

**പ്രവർത്തനം : 5**

**പേര് : സാമൂഹ്യ ശാസ്ത്രലൈബ്രറി കോർണർ**

**മേഖല / ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്രത്തി വിശാലമാ ഭൂമികയിലേക്ക് പ്രവേശിപ്പിക്കൽ | അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ ബുക്കുകൾ എന്നിവ ക്രമീകരിച്ച സാമൂഹ്യ ശാസ്ത്ര വായന കോർണർ ഒരുക്കൽ | വർഷത്തിൽ ഒന്ന് | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | 10,000(ST Dpt) |

**പ്രവർത്തനം : 6**

**പേര് : ബുള്ളറ്റിൻ ബോർഡ്**

**മേഖല / ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക** |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | **വിശകലനം** |
| സാമൂഹ്യ അറിവുകളെ കാലികമാക്കൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസത്തെയും വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |

**പ്രവർത്തനം : 7**

**പേര് : കൊളാഷ് നിർമാണം**

**മേഖല / ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ആനുകാലിക വിഷയങ്ങളെ ചർച്ച ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായികൊളാഷ് | മാസത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |

ഒരിടത്ത്
പ്രദർശിപ്പക്കുകയും
മാസത്തിലെ പ്രധാന
വാർത്തകൾ
ഉൾക്കൊള്ളിക്കുകയും
ചെയ്യൽ.

**പ്രവർത്തനം : 8**
**പേര് : ദിനാചരണങ്ങൾ**
**മേഖല / ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട നടത്തേണ്ട പ്രവർത്തനങ്ങൾ എസ്.ജിയിൽ നിശ്ചിത രൂപപ്പെടുത്തുന്നു. ദിവസങ്ങളിൽ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

**പ്രവർത്തനം : 9**

**പേര് : സമയനിർണയം**

**മേഖല / ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സമയനിർണ അവബോധം വളർത്തൽ | നിഴൽ ഘടികാരം നിർമ്മിക്കൽ. സ്കൂൾ കോമ്പൗണ്ടിൽ നിഴൽ ഘടികാരം വരച്ച് നിർമ്മിക്കൽ. | വർഷത്തി ഒരു പ്രാവശ്യം | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് | |

**പ്രവർത്തനം : 10**

**പേര് : സാമൂഹ്യശാസ്ത്ര അവബോധം വളർത്തൽ**

**മേഖല / ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര അവബോധം | ശില്പശാല, വർക്കിംഗ് മോഡൽ, സ്റ്റിൽ മോഡൽ നിർമ്മാണം. | രണ്ട് മാസത്തിൽ ഒരു | സാമൂഹ ്യ ശാസ്ത്ര | |

വളർത്തൽ പ്രാവശ്യം ക്ലബ്ബ്

**പ്രവർത്തനം : 11**

**പേര് : ICT സാധ്യത**

**മേഖല / ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനത്തിൽ ഐസിടി സാധ്യത ഉപയോഗപ്പെടുത്തൽ | ഡിജിറ്റൽ ആൽബം നിർമ്മാണം, പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വീഡിയോ ഉൾപ്പെടുത്തി ഡിജിറ്റൽ ആൽബം തയ്യാറാക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |

**പ്രവർത്തനം :12**

**പേര് : മഴ പാനം**

**മേഖല / ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| മഴ പഠനം നടത്തുക, കാലാവസ്ഥാപഠനം, മാറ്റങ്ങൾ മനസ്സിലാക്കുക. | മഴമാപിനി നിർമ്മാണം, മഴ അളവ് നടത്തുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | RMSA |

**പ്രവർത്തനം : 13**

**പേര് : ഭൂപടരചന**

**മേഖല / ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഭൂപടരചനാ ശേഷി | പ്രാദേശിക വിഭവ ഭൂപട നിർമ്മാണം, | വർഷത്തിൽ ഒരു | സാമൂഹ്യശാസ്ത്ര ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| വളർത്തൽ | സ്കൂൾ ഭൂപട രചന, ജലസ്രോതസ്സുകൾ, കൃഷി | പ്രാവശ്യം | | |

**പ്രവർത്തനം : 14**

**പേര് : നിയമാവബോധം**

**മേഖല / ഉപമേഖല : അക്കാദമികം/സാമൂഹ്യ ശാസ്ത്രം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| നിയമാവബ ോധം വളർത്തൽ | സെമിനാർ, ലീഗൽ സർവീസ് അതോറിറ്റിയുടെ സഹായത്തോടെ സെമിനാർ | വർഷത്തിൽ ഒരു പ്രാവശ്യം | സാമൂഹ്യശ ാസ്ത്ര ക്ലബ്ബ് | |

**പ്രവർത്തനം : 15**

**പേര് : ശാസ്ത്ര പഠനം**

**മേഖല / ഉപമേഖല : അക്കാദമികം.**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ശാസ്ത്ര പഠനത്തിൽ സവിശേഷ | സ്കൂൾ തല മേളയിൽ എല്ലാ കുട്ടികളെയും പങ്കെടുപ്പിച്ചുകൊണ്ട് | സെപ്റ്റംബർ | സയൻസ് ക്ലബ് | |

| | | | | |
|---|---|---|---|---|
| വൈഭവമുള്ള കുട്ടികളെ അതിൻറെ പൂർണ്ണതയിൽ എത്തിക്കുക | മികവുറ്റ വരെകണ്ടെത്തുകയും അവർക്ക് കൂടുതൽ പരിശീലനം നൽകുകയും ചെയ്യുന്നു | | | |

**പ്രവർത്തനം : 16**

**പേര് : ശാസ്ത്ര അവബോധം വളർത്തൽ**

**മേഖല / ഉപമേഖല : അക്കാദമികം.**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ശാസ്ത്ര താൽപര്യം, ശാസ്ത്രാവബോധം , ശാസ്ത്ര മനോഭാവം എന്നിവ | • ശാസ്ത്ര ലൈബ്രറിയിൽ കൂടുതൽ പുസ്തകങ്ങൾ ഉൾപ്പെടുത്തിവിപുലീകരിക്കുക | സെപ്റ്റംബർ | സയൻസ് ക്ലബ് | |
| | • ആഴ്ചയിൽ ശാസ്ത്രപുസ്തകങ്ങൾ ലൈബ്രറിയിൽ നിന്ന് തിരഞ്ഞെടുത്തു വായിക്കാൻ കൊടുക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | | |
| | • ശാസ്ത്രമാഗസിൻ | | | |

തയ്യാറാക്കൽ.

- പാഠഭാഗവുമായി ബന്ധപ്പെട്ട കുട്ടികൾ സ്വന്തമായി നിർമ്മിച്ച ഉപകരണങ്ങളുടെ യും എല്ലാ മോഡലുകളുടെയും മാസവും പ്രദർശനം നടത്തൽ.
- ശാസ്ത്രനാടകം സംഘടിപ്പിക്കൽ.
- ശാസ്ത്രദിനാചരണം പോസ്റ്റർ രചന ഡോക്യുമെൻററി (ശാസ്ത്രജ്ഞന്മാരു ടെ) പ്രദർശനം.
- ശാസ്ത്രവുമായി ബന്ധപ്പെട്ട വീഡിയോ ഓഡിയോ പ്രദർശനം.
- സയൻസ് പ്രോജക്ടുകൾ

**പ്രവർത്തനം : 17**

**പേര് : ആൽബം**

**മേഖല / ഉപമേഖല : കലാ പഠനം / സംഗീതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംഗീത പരമായ വാർത്തകൾ അറിയുന്നതിന് | പത്രങ്ങളിൽ വരുന്ന സംഗീത പ്രാധാന്യമുള്ള വാർത്തകൾ ശേഖരിച്ച് ആൽബം ഉണ്ടാക്കുക. | വർഷത്തിൽ ഒരു പ്രാവശ്യം | സംഗീത ക്ലബ്ബ് | |

**പ്രവർത്തനം :18**

**പേര് : സംഗീതദിനാചരണം**

**മേഖല / ഉപമേഖല : കലാ പഠനം / സംഗീതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംഗീതത്തിന്റെ പ്രാധാന്യം | സംഗീതദിനാചരണം | ഒരു ദിവസം | സംഗീത ക്ലബ്ബ് | |

അറിയുന്നതിന്

**പ്രവർത്തനം : 19**

**പേര് : ഓർമ്മ ദിവസങ്ങളുടെ ആചരണം**

**മേഖല / ഉപമേഖല : കലാ പഠനം / സംഗീതം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സംഗീതത്തിൽ മഹാരഥന്മാരെ കുറിച്ച് കൂടുതൽ അറിയുന്നതിന് | സംഗീതത്തിൽ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തികളുടെ ഓർമ്മ ദിവസങ്ങളുടെ ആചരണം | ഒരു ദിവസം | സംഗീത ക്ലബ്ബ് | |

**പ്രവർത്തനം : 20**

**പേര് : കർണാടക സംഗീത വിദ്യാഭ്യാസം**

**മേഖല / ഉപനേഖല : കലാ പഠനം / സംഗീതം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സംഗീതത്തിൻറെ അടിസ്ഥാനപാഠങ്ങ | 5. മുതൽ 10 വരെയുള്ള ക്ലാസിലെ | ദിവസവും | സംഗീത ക്ലബ്ബ് | |

| | |
|---|---|
| ൾ പഠിക്കുകയും സാധകത്തിലൂടെ കഴിവ് വളർത്തിയെടുക്കുന്നതിനും | കുട്ടികളെ കർണാടക സംഗീതം അഭ്യസിപ്പിക്കുക. |

**പ്രവർത്തനം : 21**

**പേര് : സംഗീതോപകരണങ്ങൾ പരിചയപ്പെടൽ**

**മേഖല / ഉപമേഖല : കലാ പഠനം / സംഗീതം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| സ്വരസ്ഥാനത്തെക്കുറിച്ചും സ്വരങ്ങളെ കുറിച്ചും കൂടുതൽ അറിയുന്നതിനും ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ പഠിക്കുന്നതിനും | വായ്പ്പാട്ടിന് പുറമേ സംഗീതോപകരണങ്ങൾ പരിചയപ്പെടൽ | ആഴ്ചയി ഒരു തവണ | സംഗീത ക്ലബ്ബ് | |

**പ്രവർത്തനം : 22**

**പേര് : ഐടി മേഖല– പരിചയപ്പെടൽ, പ്രാധാന്യം, കൈകാര്യം**

**മേഖല / ഉപമേഖല : ഐടി പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| Hardware/ Software പരിചയപ്പെടുന്നതിനും | • Input Output ഉപകരണങ്ങളെ പരിചയപ്പെടുത്തുന്നു. | ആഴ്ചയിൽ ഒരു തവണ | ഐടി ക്ലബ്ബ് | |
| പരിശീലിപ്പിക്കുന്നതിനും | • Malayalam Typing, IT Project, Digital Painting, Power point Presentation എന്നിവയി കൂടുതൽ പ്രാക്ടിസ് കൊടുക്കുന്നു. | മാസത്തിൽ ഒരു തവണ | ഐടി ക്ലബ്ബ് | |
| IT മേഖലയിൽ താല്പര്യം വർദ്ധിപ്പിക്കുന്നതി | • IT Quiz<br>• Motivation Films | | | |

ന്

**പ്രവർത്തനം: 23**

**പേര് : ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ**

**മേഖല / ഉപമേഖല : അക്കാദമികം / മലയാള പഠനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • അക്ഷരം ഉറപ്പിക്കൽ<br>• അടയാളം ഉറപ്പിക്കൽ<br>• അക്ഷര കാർഡ് നൽകൽ<br>• വാക്കുകൾ നിർമിക്കൽ<br>• വാക്യങ്ങൾ നിർമ്മിക്കൽ<br>• ചിത്രം,അടിക്കുറിപ്പ് എഴുതാൻ<br>• ചിത്രം,കഥ രചിക്കൽ<br>• കഥാപുസ്തകം | ആഴ്ചയിൽ ഒരു തവണ | വിദ്യാരംഗം ക്ലബ്ബ് | |

നൽകൽ

**പ്രവർത്തനം : 24**

**പേര് : ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ**

**മേഖല / ഉപമേഖല : അക്കാദികം / ഹിന്ദി പാഠം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാസ്ഥ പരിഹരിക്കൽ | • അക്ഷരം ദൃഢീകരിക്കൽ.<br>• അടയാളം ഉറപ്പിക്കൽ<br>• അക്ഷരക്കാർഡ് പ്രദർശനവും അക്ഷര രൂപങ്ങൾ ദൃഢീകരിക്കലും<br>• പദങ്ങളുടെ നിർമ്മാണം<br>• വാക്യ മികവ് നേടിക്കൊടുക്കൽ രചനയിൽ മികവ് നേടിയെടുക്കൽ<br>• ചിത്രം-അടിക്കുറിപ്പ് എഴുതാൻ | ആഴ്ചയിൽ ഒരു തവണ | ഹിന്ദി ക്ലബ്ബ് | |

- ചിത്രം-കഥ രചിക്കൽ
- കഥാപുസ്തകം നൽകൽ
- മഹത്തുകളുടെ മഹദ് വചനങ്ങൾ.

**പ്രവർത്തനം : 25**

**പേര് : ക്രിയകളിലേക്ക് ഒരു എത്തിനോട്ടം**

**മേഖല / ഉപമേഖല : ഗണിത പഠനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| ചതുഷ്ക്രിയകൾ ഉറപ്പിക്കുന്ന | ഗണിതത്തിൽ വൈഭവമുള്ള കുട്ടികളെ കൊണ്ട് പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകുന്ന | \| ആഴ്ചയി തവണ | ഗണിത ക്ലബ്ബ് | |

**പ്രവർത്തനം : 26**

**പേര് : ഗണിതം താൽപര്യം വളർത്തുക,എളുപ്പമാക്കുക**

**മേഖല / ഉപമേഖല : ഗണിത പഠനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഗണിതത്തിൽ താൽപര്യം വളർത്തുകയും എളുപ്പമാക്കുകയും ചെയ്യുക | • ഗണിതം നിത്യജീവിതവുമായി ബന്ധപ്പെടുത്തി Problem Solve ചെയ്യാൻ കൊടുക്കുന്നു. | ആഴ്ചയിൽ ഒരു തവണ | ഗണിത ക്ലബ്ബ് | |
| | • ഗണിത നടത്തി വിജയികൾക്ക് ക്വിസ് സമ്മാനം കൊടുക്കുന്നു. | 2 ആഴ്ചയിൽ ഒരു തവണ | | |
| | • Experienced ആയിട്ടുള്ള അധ്യാപകരെ കൊണ്ട് ക്ലാസ് എടുപ്പിക്കുക. | മാസത്തിൽ ഒരു തവണ | | |

**പ്രവർത്തനം : 27**

**പേര് : ടാലൻറ് സെർച്ച്**

**മേഖല / ഉപമേഖല : അക്കാദമികം/കായിക പാഠനം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
|---|---|---|---|---|
| കായിക പഠനത്തിൽ സവിശേഷ താൽപര്യമുള്ള | • കായിക പഠനത്തിൽ സവിശേഷ താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി | ആഴ്ചയിൽ 3 തവണ | കായിക സമിതി | 25,000/- ലഘുഭക്ഷണം |

| | |
|---|---|
| കുട്ടികളെ കണ്ടെത്തുന്നതിന് | പരിശീലിപ്പിക്കൽ<br>• നിശ്ചിതമേഖലയി ൽ കുട്ടിയുടെ ശേഷി അറിയാനുള്ള പ്രവർത്തനം<br>• ഓരോ ഇനത്തിലും ഉപസമിതിയെ കണ്ടെത്തണം (രക്ഷിതാവ്, ടീച്ചർ)<br>• പരിശീലന ടൈംടേബിൾ തയ്യാറാക്കൽ<br>• പുരോഗതി വിലയിരുത്തൽ |

**പ്രവർത്തനം : 28**

**പേര് : ഇംഗ്ലീഷ് ഭാഷ പരിജ്ഞാനം**

**മേഖല / ഉപമേഖല : ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പദസമ്പത്ത് വർദ്ധിപ്പിക്കൽ | കേട്ടെഴുത്ത്, കോപ്പിയെഴുത്ത്, മാതൃഭാഷയിൽ നിന്നുള്ള തർജ്ജമ, വായന മത്സരം, ഹിന്ദു ന്യൂസ് പേപ്പർ വായിച്ച ഒരു ദിവസം | ആഴ്ചയിൽ 2 തവണ | ഇംഗ്ലീഷ് ക്ലബ്ബ് | |

ഒരു വാക്ക് പഠിക്കുക

**പ്രവർത്തനം : 29**

**പേര് : ഇംഗ്ലീഷ്– വായന, ശ്രദ്ധ, എഴുത്ത്, സംഭാഷണം.**

**മേഖല / ഉപമേഖല : ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമ്പൂർണ്ണ ഭാഷാപരിചയം | ഇംഗ്ലീഷ് അസംബ്ലി സർഗ്ഗവേള രചനാ മത്സരങ്ങൾ, കയ്യെഴുത്ത്തവണ മാസിക, പത്രമാസിക അവലോകനം, സ്പോക്കൺ ഇംഗ്ലീഷ്, ക്ലാസ്, നാടകം, സ്കിറ്റ്, ക്വിസ്, ഇംഗ്ലീഷ് ഫിലിം പ്രവർത്തനം. | ആഴ്ചയിൽ ഒരു | ഇംഗ്ലീഷ് ക്ലബ്ബ് | |

# ഉപസംഹാരം

ഈ റിപ്പോർട്ട് സമഗ്രമാണെന്ന് അവകാശപ്പെടുന്നില്ല. എന്നാൽ അതിനുള്ള ശ്രമം നടത്തിയിട്ടുണ്ട്. ഫലപ്രാപ്തിയിൽ എത്തിക്കാൻ പരിശ്രമിച്ചിട്ടുണ്ട് . ലഭിച്ച നിഗമനത്തേക്കാൾ കൂടുതൽ ഇനിയും കൈവരാനുണ്ട്. ആശയസംവാദത്തിലൂടെ പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.